മത്സ്യം (തൂക്കം)	തീറ്റ വലിപ്പം (മി.മീ)
150 ഗ്രാം വരെ	1.2 - 1.8
150 - 500 ഗ്രാം	2
500 ഗ്രാമിന് മുകളിൽ	4

പരിപാലനം

- പ്രതിമാസം ഹെക്ടറിന് 500 കി.ഗ്രാം വീതം ചാണകം ചേർക്കണം (പ്ലവക വളർച്ചയ്ക്ക് അനുസൃതമായി)
- 15 ദിവസത്തെ ഇടവേളകളിൽ ജലഗുണനിലവാരം, മത്സ്യത്തിന്റെ വളർച്ച, ആരോഗ്യസ്ഥിതി എന്നിവ പരിശോധിച്ച് ദൈനംദിന തീറ്റയുടെ അളവ് ക്രമീകരിക്കണം
- ജലത്തിന്റെ അമ്ല-ക്ഷാരനിലയ്ക്ക് അനുസരിച്ച് ആവശ്യാനുസരണം കുമ്മായം ചേർക്കണം

വിളവെടുപ്പും വിപണനവും

- 5-ാം മാസം മുതൽ വിളവെടുപ്പ് ആരംഭിക്കാം
- ഭാഗിക വിളവെടുപ്പ് അഭികാമ്യം
- 5-6 മാസ കാലയളവിൽ 400-600 ഗ്രാം തൂക്കം കൈവരിക്കും
- കമ്പോള വില നിലവാരമനുസരിച്ച് വിളവെടുപ്പ് ക്രമീകരിക്കും
- വിളവെടുപ്പിന് രണ്ട് ദിവസം മുമ്പേ തീറ്റ നൽകുന്നത് നിർത്താവുന്നതാണ്
- വിളവെടുപ്പിന് മുമ്പ് വിപണി ഉറപ്പു വരുത്തണം
- 5-6 മാസ കാലയളവിൽ ഹെക്ടറിന് 12 മെട്രിക് ടൺ മത്സ്യോല്പാദനം സാധ്യമാകും

സാമ്പത്തിക വിശകലനം (ഹെക്ടറിൽ)

- 3.5 ലക്ഷം രൂപ മൂലധന ചെലവ്, 10 ലക്ഷം രൂപ പ്രവർത്തന ചെലവ്
- ഒരു വിളയിൽ നിന്നും 24 ലക്ഷം രൂപയുടെ വിറ്റ് വരവ്

A. മൂലധന ചെലവ് ബണ്ട് ബലപ്പെടുത്തൽ, ജൈവസുരക്ഷ, പമ്പ്, എയറേഷൻ, മോട്ടോർ, ക്യാമറ, സോളാർ ലൈറ്റ് മുതലായവ	3,50,000
B. പ്രവർത്തന ചെലവ് വളം, മത്സ്യകുഞ്ഞ്, മത്സ്യതീറ്റ, വൈദ്യുതി ചാർജ്ജ്, മറ്റ് ചെലവുകൾ	10,00,000
ആകെ (A+ B)	**13,50,000**

"മത്സ്യകൃഷി
ആദായത്തിന്
ആഹാരത്തിന്
ആനന്ദത്തിന്"

പ്രസിദ്ധീകരിക്കുന്നത്
ഫിഷറീസ് ഡയറക്ടർ
ഫിഷറീസ് ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം - 33

സാങ്കേതിക

നൈൽതിലാപ്പിയ കൃഷി

കേരള സർക്കാർ
മത്സ്യബന്ധന വകുപ്പ്

നൈൽതിലാപിയ കൃഷി

ആമുഖം

- ആഗോള തലത്തിൽ ശുദ്ധജല മത്സ്യകൃഷിയിൽ രണ്ടാം സ്ഥാനം
- ഗിഫ്റ്റ്, ചിത്രലാഡ, ബിഗ്നിൻ, നാംസായി എന്നീ മുന്തിയ ഇനങ്ങൾ ലഭ്യമാണ്
- ഉയർന്ന പ്രതിരോധ ശേഷിയും അതിജീവന നിരക്കും

കുളത്തിന്റെ അനുയോജ്യത

- കുറഞ്ഞത് 0.1 ഹെക്ടർ വിസ്തീർണ്ണം
- ജലത്തിന്റെ ആഴം 1 - 2 മീറ്റർ അഭികാമ്യം
- ജൈവ സുരക്ഷ നിർബന്ധം
- ദീർഘചതുരാകൃതിയിലുള്ള കുളം ഉത്തമം

ജലഗുണനിലവാരം

ജലഗുണം	അളവ്
പ്രാണവായു	4 ppm മുകളിൽ
ഊഷ്മാവ്	28-30°C
അമ്ല-ക്ഷാര നില	6.5 – 8.5
അമോണിയ	0.2 ppm താഴെ
സുതാര്യത	30 - 40 സെ.മീ

കുളമൊരുക്കൽ

- ജലസസ്യങ്ങളെ നീക്കം ചെയ്ത് കുളം വറ്റിച്ച് ഉണക്കുന്നത് ഉത്തമം
- കളജീവികളെ നശിപ്പിച്ച് അണു വിമുക്ത മാക്കുന്നതിനായി ഒരു ഹെക്ടർ ജലാശയത്തിൽ ഓരോ 10 സെന്റീമീറ്റർ ജലവിതാനത്തിന് 30 കിലോഗ്രാം വീതം ബ്ലീച്ചിംഗ് പൗഡർ പ്രയോഗിക്കണം
- അമ്ല-ക്ഷാരഗുണ നിലവാരം ക്രമീകരിക്കു ന്നതിനായി ചുവടെ പറയുന്ന വിധം കുമ്മായം ചേർക്കണം

കുമ്മായത്തിന്റെ ഉപയോഗക്രമം	
pH	അളവ് / ഹെക്ടർ
4.0 – 4.5	1000 കി.ഗ്രാം/ ഹെക്ടർ
4.5 – 5.5	750 കി.ഗ്രാം/ ഹെക്ടർ5.
5.5 – 6.5	500 കി.ഗ്രാം/ ഹെക്ടർ
6.5 – 7.5	250 കി.ഗ്രാം/ ഹെക്ടർ

- കുളത്തിലെ പ്ലവകങ്ങളുടെ വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിനായി ഹെക്ടറിന് 2000 കി.ഗ്രാം വീതം ചാണകം ചേർക്കണം

മത്സ്യവിത്ത് നിക്ഷേപിക്കൽ

- അതിജീവന നിരക്ക് ഉയർത്തുന്നതിനായി ആദ്യഘട്ടത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നഴ്സറി കുളം/ കേജ്/ ഹാപ്പ/ പെൻ എന്നിവയിൽ പരിപാലിയ്ക്കാവുന്നതാണ്.
- 4-5 സെന്റി മീറ്റർ വലിപ്പമുള്ള മത്സ്യവിത്ത് ഒരു ചതുരശ്ര മീറ്ററിന് 3-5 എണ്ണം എന്ന നിരക്കിൽ നിക്ഷേപിക്കാം
- മത്സ്യവിത്ത് നിക്ഷേപിക്കുമ്പോൾ കുളത്തിലെ ജലവുമായി സാവധാനം പൊരുത്തപ്പെടുത്തേ താണ്
- സർക്കാർ അംഗീകൃത മത്സ്യവിത്തുല്പാദന കേന്ദ്രത്തിൽ നിന്നും മാത്രം മത്സ്യകുഞ്ഞുങ്ങളെ വാങ്ങാൻ ശ്രദ്ധിക്കണം

മത്സ്യതീറ്റയും തീറ്റക്രമവും

- ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന തീറ്റ ഉത്തമം
- 24-32% പ്രോട്ടീൻ അടങ്ങിയതായിരിക്കണം
- രാവിലെയും വൈകുന്നേരവുമായി രണ്ടു നേരം തീറ്റ നൽകാം
- ആരംഭത്തിൽ ശരീരഭാരത്തിന്റെ 6% തീറ്റ നൽകേതും, ക്രമാനുഗത മായി കുറച്ച് 500 ഗ്രാം വലിപ്പമായി കഴിയുമ്പോൾ തീറ്റ 1% ത്തിലെത്തി ക്കേണ്ടതുമാണ്.